(26) കോന്നി ആസ്ഥാനമാക്കി റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

ശ്രീ. അടൂർ പ്രകാശ്: സർ, മലയോര മേഖലയായ കോന്നി മണ്ഡലത്തിലെ ചെറുപ്പക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണമെങ്കിൽ ഉണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾത്തന്നെ മുപ്പത്തിനാലായിരത്തിലധികം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോന്നി ആസ്ഥാനമാക്കി ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക പരിമിതികളുണ്ടെങ്കിലും കോന്നി പ്രദേശത്തെ പ്രത്യേകതകൾ കണക്കിലെടുത്ത് ഇപ്പോഴുള്ള സ്റ്റാഫിനെ റീഡിപ്ലോയ് ചെയ്തുകൊണ്ട് ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്നതിനുള്ള സാധ്യതകൾ തീർച്ചയായും ആരായുന്നതാണ്.

(27) കോഴിക്കോട് വനിതാ ഐ. റ്റി. ഐ.-യുടെ അംഗീകാരം പിൻവലിച്ചതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് വനിതാ ഐ.ടി.ഐ.-യുടെ അംഗീകാരം എൻ.സി.വി.ടി. പിൻവലിച്ചിരിക്കുകയാണ്. അവിടെ പെർമനന്റ് കെട്ടിടം ഇല്ലായെന്നതാണ് പ്രധാനകാരണം. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇപ്പോൾ ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്നത് വെള്ളയിൽ പ്രദേശത്തെ ഒരു ഗോഡൗണിലാണ്. അതുകാരണമാണ് എൻ.സി.വി.ടി. യുടെ അംഗീകാരം ലഭിക്കാതിരുന്നത്. അതുകൊണ്ട് ആവശ്യമായ എക്യുപ്മെന്റ് എത്തിക്കുക, ബിൽഡിംഗിന്റെ പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ ഫണ്ട് അനുവദിക്കുക തുടങ്ങിയ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. അല്ലെങ്കിൽ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകും.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എൻ.സി.വി.ടി.-യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി. ഏതാനും ദിവസങ്ങൾക്കകം എൻ.സി.വി.ടി.-യുടെ അംഗീകാരം നേടിയെടുക്കുന്നതാണെന്ന് ഞാൻ അറിയിക്കുന്നു. ഐ.ടി.ഐ.-യുടെ പണി നിർത്തിവച്ചിരിക്കുന്നത് കരാറുകാരൻ പുതിയ റിവിഷൻ വേണമെന്നാവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ ഒരു പെറ്റീഷൻ കൊടുത്തതുകൊണ്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ കോടതി നടപടികളും ഇതിൽ വന്നിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ കോൺട്രാക്ടറുമായി സംസാരിച്ച് എത്രയും വേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly